**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3027** **28-02-2023 - ൽ മറുപടിയ്ക്ക്**

**മിശ്രഭോജന സ്മാരക മന്ദിര നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാംസ്കാരിക വകുപ്പിന് കീഴിലുള്ള വൈപ്പിൻ മണ്ഡലത്തിലെ ചെറായിൽ പ്രവർത്തിക്കുന്ന സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് മിശ്രഭോജന സ്മാരക മന്ദിരം നിർമ്മിക്കുന്നതിനും നടത്തിപ്പിനുമുള്ള ചുമതല മുസിരിസ് പ്രോജക്റ്റ് ലിമിറ്റഡിനെ ഏൽപ്പിച്ച് ഉത്തരവിറക്കിയിട്ടും 2022-23 ബഡ്ജറ്റിൽ അടങ്കൽ തുകയുടെ ഇരുപത് ശതമാനം വകയിരുത്തിയിട്ടും മിശ്രഭോജന സ്മാരക മന്ദിരത്തിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കാത്തതിന് കാരണം വ്യക്തമാക്കാമോ; | (എ) | മിശ്രഭോജന സ്മാരകം നിർമ്മിക്കുന്നതിനും അതിന്റെ മേൽനോട്ട നിർവ്വഹണത്തിനും സഹോദരൻ അയ്യപ്പൻ സ്മാരകം സെക്രട്ടറിക്ക് ടൂറിസം വകുപ്പ് അനുമതി നൽകിയിട്ടുള്ളതിനാലും സഹോദരൻ അയ്യപ്പൻ സ്മാരകവും അതിനോടനുബന്ധിച്ചുള്ളവയും മുസിരിസ് പൈതൃക പദ്ധതിയിലെ ഒരു മുഖ്യ ഘടകമായതിനാലും മുസിരിസ് പ്രൊജക്റ്റ് ലിമിറ്റഡ് മിശ്രഭോജന സ്മാരകത്തിന് വേണ്ടി ഏറ്റെടുത്ത ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിന് നിർവ്വാഹമില്ലെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടറെ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ സാംസ്കാരിക വകുപ്പിൽ നിന്നും സ്മാരകം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | ടൂറിസം വകുപ്പിന്റെ പേരിലുള്ള മൂന്ന് സെന്റ് സ്ഥലം കൈമാറാതെ തന്നെ പ്രസ്തുത സ്ഥലത്ത് നിർമ്മാണം നടത്തുന്നതിനും നടത്തിപ്പ് ചുമതലകൾ നിർവ്വഹിക്കുന്നതിനും മുസിരീസ് പ്രോജക്റ്റ് ലിമിറ്റഡ് ഉത്തരവിറക്കിയതിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ മിശ്രഭോജന സ്മാരക മന്ദിരത്തിന് ഭരണാനുമതി ലഭ്യമാക്കുവാൻ തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ